(ബി) എറണാകുളം ജില്ലയിൽപ്പെട്ട തിരുർ—പുത്തൻകുളങ്ങര റോഡിലെ എരുർപാലം പുതുക്കിപ്പണിയേണ്ടതിലേക്കുള്ളപ്രാരംഭ നടപടികൾക്കായി ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ട്.

(സി) ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതിനുശേഷം ഈ കാര്യം പര്യാലോചിക്കുന്നതാണ്.

ക്ഷയരോഗികൾക്കുള്ള സഹായപദ്ധതി

* 218. [4] ശ്രീ. ടി. ഒ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാവപ്പെട്ട ക്ഷയരോഗികൾക്കുള്ള സഹായപദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് ഇതിനകം സഹായം നൽകിയിട്ടുണ്ട് ;

(സി) ഓരോ ഡിസ്ട്രിക്റ്റിലും എത്ര വീതം ;

(ഡി) എറണാകുളം ഡിസ്ട്രിക്റ്റിൽ ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഈ) ഇതിൽ എത്രയെണ്ണം അനുവദിച്ചു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി, സി) ചില അപേക്ഷകൾ ഇതിനകം അനുവദിച്ചു കഴിഞ്ഞു. തുക നൽകാൻ നടപടികൾ ത്വരിതഗതിയിൽ എടുത്തുവരുന്നു.

(ഡി) 39.

(ഈ) 1.

ക്ഷയരോഗികൾക്കു ധനസഹായം

* 219. [7] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ക്ഷയരോഗികൾക്കു സഹായധനം നൽകി ;

(ബി) എത്ര അപേക്ഷ ഇതിലേക്കു ലഭിച്ചു ;

(സി) ഓരോ ഡിസ്ട്രിക്റ്റിലും എത്ര വീതം ;

(ഡി) ഓരോ ഡിസ്ട്രിക്റ്റിലും എത്ര വീതം അനുവദിച്ചു ;

(ഈ) അപേക്ഷ സാക്ഷ്യപ്പെടുത്താൻ പ്രത്യേക കേന്ദ്രങ്ങളിലെ മെഡിക്കലാഫീസറന്മാരെ മാത്രം ചുമതലപ്പെടുത്തിയിട്ടുള്ളതുകൊണ്ട് രോഗികൾക്കു പലവിധ ബുദ്ധിമുട്ടുകൾക്കും കാരണമാകുന്നുണ്ടെന്ന പരാതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ടി. ബി. സീൽ വാർഡുകളുള്ളിടത്തെ ഡാക്ടർമാർക്ക് ഈ അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ആകെ നൽകിയിട്ടില്ല. നൽകാനായി ത്വരിതഗതിയിൽ നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(ബി) 5,735 അപേക്ഷകൾ

(സി)

തിരുവനന്തപുരം	199
കൊല്ലം	350
ആലപ്പുഴ	755
കോട്ടയം	1,179

LIBRARY ARCHIVES Kerala Legislative Assembly